മാതൃഭൂമി

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം


MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 47 AUGUST 2025

# ആകാശപ്പച്ച

CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16


Cover photo: AP



# ഒറാങ്ങുട്ടാനെ ഓർക്കുമ്പോൾ


മനുഷ്യരുടെ ഡിഎൻഎയുമായി 97 ശതമാനം സാമ്യമുള്ളതാണത്രേ ഒറാങ്ങുട്ടാനുകളുടെ ഡിഎൻഎ. അവയുടെ വംശനാശത്തെക്കുറിച്ചും അവ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചും മനുഷ്യർ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതുണ്ട്. അന്താരാഷ്ട്ര ഒറാങ്ങുട്ടാൻദിനമാണ് ഓഗസ്റ്റ് 19. ഒറാങ്ങുട്ടാനുകളുടെ ജനനനിരക്ക് വളരെ കുറഞ്ഞു. അവയുടെ എണ്ണം വീണ്ടെടുക്കാൻ നടത്തുന്ന ശ്രമങ്ങൾ വേണ്ടവിധം ഫലപ്രദമാവുന്നുമില്ല. നമ്മുടെ സഹായമില്ലെങ്കിൽ അടുത്ത 50 വർഷത്തിനുള്ളിൽ ഒറാങ്ങുട്ടാനുകൾ കാട്ടിൽനിന്ന് അപ്രത്യക്ഷമാകുമെന്ന് ശാസ്ത്രലോകം ഭയപ്പെടുന്നുണ്ട്. ഒറാങ്ങുട്ടാനുകൾ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കാൻ ശ്രമിച്ചുകൊണ്ട് നമുക്ക് ഈ ദിനം ആഘോഷിക്കാം.

# മാറിചിന്തിക്കണം നമ്മൾ



കേരളത്തിൽ പാമ്പുകടിയേറ്റുള്ള മരണങ്ങൾ വളരെയധികം കുറയുന്നുവെന്ന കണക്കുകൾ ആശ്വാസകരമാണ്. മനുഷ്യർ ജീവികളോട് ഇടപെടുന്നതിൽ പരമ്പരാഗതമായ ചില രീതികളുണ്ട്. ഇതിന് ശാസ്ത്രീയ കാഴ്ചപ്പാടോടെ മാറ്റംവരുത്തിയാൽ അത് ജീവികൾക്കും മനുഷ്യർക്കും ഒരുപോലെ ഗുണകരമാവുമെന്നതിന്റെ തെളിവാണ് ഈ കണക്കുകൾ. പാമ്പുകളെ കണ്ടാൽ എങ്ങനെയാണ് പെരുമാറേണ്ടതെന്ന് മനസ്സിലാക്കിയാൽ അപകടങ്ങൾ വലിയൊരളവിൽ കുറയ്ക്കാൻകഴിയും. അവിചാരിതമായി പാമ്പുകടിയേറ്റാൽ എന്താണ് ചെയ്യേണ്ടതെന്ന് മുൻകൂട്ടി അറിഞ്ഞുവയ്ക്കുന്നത് അപകടത്തിന്റെ തോത് വളരെയധികം കുറയ്ക്കുകയും ചെയ്യും. ഇക്കാര്യത്തിൽ കേരള വനംവകുപ്പ് അടുത്തകാലത്ത് നടത്തിയ വ്യാപകമായ പ്രവർത്തനങ്ങൾ അഭിനന്ദനമർഹിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ ഫലമാണ്, പാമ്പുകടിയേറ്റുള്ള മരണങ്ങൾ കുറയാനുള്ള പ്രധാന കാരണം. പാമ്പുകളുടെ അകാരണമായ ജീവനാശം കുറഞ്ഞുവെന്നതും ശ്രദ്ധേയമാണ്. പ്രകൃതിയോട് മനുഷ്യർ ഇടപെടുന്നതിൽ കാലാനുസൃതവും ശാസ്ത്രീയവുമായ മാറ്റങ്ങൾ ഇനിയും ഉണ്ടാവേണ്ടതുണ്ട്.

# മഴക്കാടുകൾ



പ്രതിവർഷം 1750 മില്ലിമീറ്ററിലധികം മഴ ലഭിക്കുന്ന കാടുകളാണ് മഴക്കാടുകൾ. ഭൂമിയുടെ ശ്വാസകോശമെന്ന് അറിയപ്പെടുന്ന ഇവ ജീവജാലങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. മഴക്കാടുകൾ ഒരു പ്രദേശത്തിന്റെ കാലാവസ്ഥയെയും ആഗോള കാലാവസ്ഥയെയും കാര്യമായിത്തന്നെ സ്വാധീനിക്കുന്നു. മനുഷ്യവർഗം ഇന്ന് നേരിടുന്ന പല രോഗങ്ങൾക്കും ശമനം നൽകാൻ കഴിയുന്ന അത്യപൂർവങ്ങളായ സസ്യജാലങ്ങൾ മഴക്കാടുകളിൽ നിറഞ്ഞുനിൽക്കുന്നു. അതുകൊണ്ടുതന്നെ മഴക്കാടുകളെ 'ഭൂമിയുടെ ഫാർമസി' എന്നും വിളിക്കാറുണ്ട്. വലിയ ഓക്സിജൻ സംഭരണികളാണ് മഴക്കാടുകൾ. ഇവിടെയാണ് ഏറ്റവും കൂടുതൽ പ്രകാശസംശ്ലേഷണവും ഊർജകൈമാറ്റവും നടക്കുന്നത്. സൈലന്റ് വാലി, ഇരവികുളം, പെരിയാർ, മതികെട്ടാൻചോല, പാമ്പാടുംചോല എന്നിവയെല്ലാം നമ്മുടെ നാടിനെ സമ്പന്നമാക്കുന്ന മഴക്കാടുകളാണ്.

ബിന്ദു ആന്റണി, അധ്യാപിക,
സെയ്ന്റ് ജോസഫ്സ് E M സ്കൂൾ
പുത്തനങ്ങാടി, മലപ്പുറം

# മാറുന്ന പരിസ്ഥിതിയും മാറാത്ത വ്യവസ്ഥിതിയും

മലിനീകരിക്കപ്പെട്ട ഭൂമി- എന്ന് പുച്ഛത്തോടെ പറയുന്നവരെ കണ്ടാൽ, അന്യഗ്രഹത്തിൽനിന്ന് ടൂറിസ്റ്റായി വന്നതാണോ എന്ന് തോന്നും. എന്നാൽ, നമ്മുടെ പരിസ്ഥിതി ശുദ്ധമാണോ എന്ന ചോദ്യത്തിന് അല്ല എന്നുതന്നെയാണ് ഇന്നും ഉത്തരം. സമൃദ്ധമായി ലഭിച്ചിരുന്ന ശുദ്ധജലം ഇന്ന് ഇല്ലേയില്ല. ജലസ്രോതസ്സുകൾക്കരികിൽ പ്ലാസ്റ്റിക്- അറവ് മാലിന്യങ്ങൾ കുന്നുകൂടുന്നു. ഇതിനോടൊക്കെ മുഖംതിരിച്ചുകൊണ്ട്, കണ്ടില്ല, കേട്ടില്ല, ബാധകമേയല്ല എന്നൊക്കെ പറയുന്നവരും ധാരാളമുണ്ട്. ജൈവവൈവിധ്യത്തിൽ മുന്നിൽ നിൽക്കുന്ന പ്രദേശമായിട്ടും ഇവിടത്തെ വനനശീകരണത്തിന് അറുതിയില്ല. കാലം തെറ്റിയുള്ള മഴയും അസഹ്യമായ ചൂടും കേരളത്തെ പിടികൂടിയിട്ട് നാളേറെയായി. പരിസ്ഥിതിദിനത്തിൽ പത്ത് ചെടികൾ നട്ട് പത്താംദിവസം മുറ്റം മുഴുവൻ ഇന്റർലോക്ക് പാകുന്നതാണ് മലയാളികളുടെ ശീലം. വളർന്നുവരുന്ന വിദ്യാർഥിസമൂഹം പരിസ്ഥിതിസംരക്ഷണത്തിന്റെ ആവശ്യകത ശാസ്ത്രീയമായി മനസ്സിലാക്കുന്നത് വലിയ ആശ്വാസമാണ്. അന്യന്റെ വേലിക്കകത്തല്ല, സ്വന്തം മുറ്റത്ത് മാറ്റം സൃഷ്ടിക്കുന്നവന് സമൂഹത്തെയും പരിസ്ഥിതിയെയും മാറ്റാൻകഴിയും.



പ്രഫുൽ ദാസ് വി.
ജിഎച്ച്എസ്എസ് പൊറ്റശ്ശേരി
പാലക്കാട്



# ആറ്റക്കുരുവി

കേരളത്തിൽ വയലുകളിൽ ധാരാളം കണ്ടുവരുന്ന കിളിയാണ് ആറ്റക്കുരുവി. വയലുകളോട് ചേർന്നുനിൽക്കുന്ന ഉയരമുള്ള മരങ്ങളിൽ ഇവയുടെ കൂട് കാണാം. നെല്ലോലകൊണ്ട് കൂടുകൾ നെയ്തെടുക്കുന്നതിനാൽ ഇവയ്ക്ക് തൂക്കണാംകുരുവിയെന്നും പേരുണ്ട്. ആൺപക്ഷികളാണ് കൂട് നിർമിക്കുന്നത്. ആൺപക്ഷികളുടെ ശരീരത്തിൽ മഞ്ഞയും മണ്ണിന്റെ നിറവും കലർന്ന് കാണപ്പെടുന്നു. മഞ്ഞനിറമുള്ള കിരീടവുമുണ്ടാകും. പെൺപക്ഷിക്ക് ആകെ മണ്ണിന്റെ നിറമാണ്. ചെറിയ പ്രാണികൾ, ധാന്യങ്ങൾ, വിത്തുകൾ എന്നിവയാണ് ഇവയുടെ ആഹാരം. പ്രശസ്ത പക്ഷിനിരീക്ഷകൻ ഡോ. സാലിം അലിയുടെ പ്രിയപ്പെട്ട പക്ഷിയായിരുന്നു ആറ്റക്കുരുവി.

മാനിഷ കിടങ്ങൻ, അധ്യാപിക
സെയ്ന്റ് ഫ്രാൻസിസ് യുപി സ്കൂൾ
ആമ്പല്ലൂർ, എറണാകുളം

ഈ ഫോട്ടോ കാണാം

# അന്നത്തിനായുള്ള കാത്തിരിപ്പ്...

Location:
അഴീക്കൽ, ആലപ്പുഴ




📷 അമ്പിളി വൈശാഖ്
അധ്യാപിക, നടുവട്ടം വിഎച്ച്എസ്എസ്
ആലപ്പുഴ

കൃഷിക്കാര്യം

# കൂവക്കൃഷിയുടെ മാഹാത്മ്യം

കേരളത്തിൽ തെങ്ങിൻതോപ്പുകളിലും കവുങ്ങിൻതോപ്പുകളിലും തരിശുനിലങ്ങളിലും ഇടവിളയായി കൂവ കൃഷി ചെയ്യാം. ഏപ്രിൽ– മേയ് മാസങ്ങളാണ് ഉചിതം. തണലുള്ള സ്ഥലങ്ങൾ വളരെ നല്ലത്. നീളമുള്ള കിഴങ്ങുകളുടെ കഷണങ്ങളാണ് നടാൻ ഉപയോഗിക്കുന്നത്. ഇവയിൽ മുകുളങ്ങളുണ്ടായിരിക്കണം. ആഴത്തിൽ കിളച്ച് ജൈവവളം ചേർത്ത് നിലമൊരുക്കി ഒരടി അകലത്തിൽ കിഴങ്ങുകൾ നടാം. അമിതമായ നന ആവശ്യമില്ല. ആറേഴുമാസം കഴിയുമ്പോൾ ഇല മഞ്ഞനിറമാകും. ഇതാണ് വിളവെടുപ്പിനുള്ള സമയം.വിളവെടുപ്പിനു ശേഷം നാരുകൾ നീക്കംചെയ്ത് കഴുകി വൃത്തിയാക്കിയ കിഴങ്ങുകൾ മിക്സിയിൽ



അരച്ചെടുത്ത് കോട്ടൺ തുണിയിൽ നാലഞ്ചുപ്രാവശ്യം അരിച്ച് കയ്പ്പുരസം മാറിയെന്ന് ഉറപ്പുവരുത്തണം. ശേഷം അടിയിൽ ഊറിക്കൂടിയ പൊടി നാലോ അഞ്ചോ ദിവസം വെയിലത്ത് ഉണക്കണം. വിശപ്പകറ്റാനും ഒട്ടേറെ രോഗങ്ങൾക്കുള്ള മരുന്നായും കൂവപ്പൊടി ഉപയോഗിക്കുന്നു. വിറ്റമിൻ എ, സി, കാൽസ്യം, കാർബോഹൈഡ്രേറ്റ്, പൊട്ടാസ്യം, സോഡിയം എന്നിവയാൽ സമ്പുഷ്ടമാണ് കൂവപ്പൊടി. ദഹനക്കേടിനും കോളറ, വയറിളക്കം എന്നീ അസുഖങ്ങൾക്കും കൂവപ്പൊടിയിട്ട് തിളപ്പിച്ച വെള്ളം ശമനമേകുന്നു. ഹൃദയാരോഗ്യത്തിനും ശരീരത്തിൽ ഓക്സിജന്റെ അളവ് വർധിപ്പിക്കാനും കൂവപ്പൊടി ഉപയോഗിക്കാം.



ദാക്ഷായണി അമ്മ
പറാട്ടിൽ, പൂക്കാട്
കോഴിക്കോട്

# സ്വർഗം താണിറങ്ങി വന്നതോ

'വനദേവത' എന്ന ചിത്രത്തിനുവേണ്ടി യൂസഫലി കേച്ചേരി, ജി. ദേവരാജൻ കൂട്ടുകെട്ടിൽ കെ.ജെ. യേശുദാസ് പാടി, പ്രേം നസീർ അഭിനയിച്ച 'സ്വർഗം താണിറങ്ങി വന്നതോ, സ്വപ്നം പീലിനീർത്തി നിന്നതോ' എന്ന ഗാനം, മലയാളികൾ എന്നും ഹൃദയത്തിൽ സൂക്ഷിക്കുന്നതാണ്. ഗ്രാമീണസൗന്ദര്യമാണ് ഗാനത്തിൽ ഉടനീളമുള്ളത്. സ്വർഗം ഭൂമിയിൽ ഇറങ്ങി വന്നതാണോ അതോ സ്വപ്നം കാണുകയാണോ എന്നുകൂടി കവി ചോദിക്കുന്നു. അത്രയും മനോഹരമാണ് നമ്മുടെ പ്രകൃതി. വണ്ട് വന്ന് പൂവിൽ ഇരിക്കുമ്പോൾ പൂവിനുണ്ടാകുന്ന അനക്കംപോലും നമുക്ക് പുഞ്ചിരി സമ്മാനിക്കുന്നുവെന്ന് ഗാനത്തിൽ പറയുന്നു. ഗ്രാമത്തിന്റെ ഈ സൗന്ദര്യം കാണുമ്പോൾ നമ്മൾ അറിയാതെ ഒരു ലഹരിയിൽ ഒഴുകിപ്പോകുന്നുവെന്നും മലയെടുത്ത് മടിയിൽവെച്ച മേഘങ്ങളെക്കുറിച്ചും കാറ്റിനെക്കുറിച്ചും അവയുണ്ടാക്കുന്ന ചെറുകുളിരിനെക്കുറിച്ചും ഈ ഗാനത്തിൽ വർണിക്കുന്നുണ്ട്. മലയാളമണ്ണിന്റെ പ്രകൃതിഭംഗിനിറയുന്ന ഈ ഗാനം ഓരോ മലയാളിയുടെയും മനസ്സിന് കുളിര് സമ്മാനിക്കുന്നു.

ദേവകിരൺ ജെ. തോട്ടുങ്കൽ
സെയ്ന്റ് ജോർജ് യുപി സ്കൂൾ
മൂലമറ്റം, ഇടുക്കി

ഇത് അതിശയം തന്നെ



# മരുഭൂമിയിലെ മഞ്ഞ് പൂക്കൾ

പ്രകൃതിയിൽ അത്യപൂർവമായ ഒരു കാഴ്ചയുണ്ട്, മരുഭൂമിയിലെ മഞ്ഞുപൂക്കൾ! മരുഭൂമിയിൽ മഞ്ഞ് എന്ന് കേൾക്കുമ്പോൾ അദ്ഭുതം തോന്നുന്നില്ലേ? നമീബ് മരുഭൂമിയിൽ (ആഫ്രിക്ക) കാണപ്പെടുന്ന ലിത്തോപ്സ് (Lithops) എന്ന ചെറിയ ഒരുതരം സസ്യമുണ്ട്. ഈ സസ്യങ്ങൾ കല്ലുകൾ പോലെ കാണപ്പെടും. മഴക്കാലത്ത് അവ മഞ്ഞുപോലുള്ള വെളുത്ത പൂക്കൾ വിരിയിക്കും! പൂക്കൾ വിരിഞ്ഞാൽ മരുഭൂമി മഞ്ഞുമൂടിയതുപോലെ മനോഹരമാകും. ഇനി, ചിലിയിലെ അറ്റക്കാമ മരുഭൂമിയിലെ അദ്ഭുതം. ഓരോ 57 വർഷത്തിലും, കനത്ത മഴയെത്തുടർന്ന്, മരുഭൂമി വർണാഭമായ പൂക്കളാൽ നിറയും. മാലിൻചെ എന്ന പൂക്കൾ മഞ്ഞിന്റെ പുതപ്പുപോലെ മണലിനെ മൂടും. പ്രകൃതിയുടെ ഈ അപൂർവ മഞ്ഞുപൂക്കൾ മരുഭൂമിയെ മായാലോകമാക്കുന്നു!

അൽന ജോസഫ്, പ്ലസ്‌വൺ
സെയ്ന്റ് റാഫേൽസ്
സിജിഎച്ച്എസ്എസ്, ഒല്ലൂർ, തൃശ്ശൂർ

തെറ്റ് ശരി

# കുഞ്ഞിനെ തിന്നുമോ?



**പാ**മ്പ് കുഞ്ഞിനെ തിന്നുമെന്ന വിശ്വാസം മനുഷ്യർക്ക് ഇപ്പോഴുമുണ്ട്. കുഞ്ഞുപാമ്പുകൾ ജനനം കഴിഞ്ഞയുടൻ തന്നെ സ്വതന്ത്രമായി ജീവിക്കാൻതുടങ്ങുന്നു. അമ്മപ്പാമ്പ് ചിലപ്പോഴെങ്കിലും അവയെ സംരക്ഷിക്കാൻ ശ്രമിക്കാറുണ്ട്, പക്ഷേ, തിന്നാറില്ല.

ഫാത്തിമത്ത് ഷഹലാബ ബി.എസ്.
ഹോളി ഫാമിലി ഇംഗ്ലീഷ് മീഡിയം സ്കൂൾ
കുമ്പള, കാസർകോട്



# രക്ഷിക്കണം ലോകത്തെ

**ലോ**കം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ് പരിസ്ഥിതിപ്രശ്നങ്ങൾ. മനുഷ്യന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയായ ഒട്ടേറെ പാരിസ്ഥിതികപ്രശ്നങ്ങൾ പ്രതിദിനം വർധിക്കുന്നു. പരിസ്ഥിതിസംരക്ഷണം ഇന്നത്തെ സമൂഹത്തിന്റെ അവിഭാജ്യഘടകമാണ്. പരിസ്ഥിതിയുടെ നാശവും പ്രകൃതിവിഭവങ്ങളുടെ ശോഷണവും എല്ലായ്പ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു. പ്രധാനമായും ശ്രദ്ധിക്കേണ്ട പാരിസ്ഥിതികവിഷയങ്ങൾ, കാലാവസ്ഥാവ്യതിയാനം, ജൈവവൈവിധ്യനഷ്ടം, വനനശീകരണം, മലിനീകരണം, മാലിന്യസംസ്കരണം എന്നിവയൊക്കെയാണ്. ഈ വിഷയങ്ങളിൽ ലോകം ഒറ്റക്കെട്ടായി പ്രവർത്തിക്കുകയും പരിസ്ഥിതിസംരക്ഷണത്തിന് പ്രതിജ്ഞാബദ്ധരാവുകയുംവേണം.

ആഗ്നേയ് ആർ. പ്രജീഷ്
അമൃത വിദ്യാലയം, കക്കാട്, കണ്ണൂർ

# ഇരപിടിയൻ കുഞ്ഞിപ്പൂക്കൾ



ഇളം പർപ്പിൾ നിറത്തിലുള്ള അഞ്ച് ഇതളുകളും മഞ്ഞനിറത്തിലുള്ള മധ്യഭാഗവുമുള്ള ചെറിയ പൂക്കളാണിവ. മുകളിലേക്ക് നോക്കിയും തലകുനിച്ചും ഈ പൂക്കൾ കാണപ്പെടുന്നു. ചെറുതും വൃത്താകൃതിയിലുള്ളതുമായ ഇലകളും ആകർഷണീയമാണ്. ചുറ്റുമുള്ള പരിസ്ഥിതിയുടെ സവിശേഷതയനുസരിച്ച് പായലുകൾ, ഫേണുകൾ, മറ്റ് താഴ്ണ് വളരുന്ന സസ്യങ്ങൾ എന്നിവയ്ക്കൊപ്പമാണ് കാണപ്പെടുക. തണലുള്ളതോ ഭാഗികമായി തണലുള്ളതോ ആയ സ്ഥലങ്ങളിൽ നന്നായി വളരും. വനപ്രദേശങ്ങളിലും കാണാറുണ്ട്. ബ്ലാഡർവോർട്ടുകൾ എന്നറിയപ്പെടുന്ന ഇവ യൂട്രിക്കുലേറിയ വിഭാഗത്തിൽപ്പെടുന്നു. യൂട്രിക്കുലേറിയ സ്ട്രിയാറ്റുല എന്നാണ് ശാസ്ത്രനാമം. ചെറിയ ജീവികളെ കെണിയിൽപ്പെടുത്തി ദഹിപ്പിക്കുന്നതിലൂടെയും അവശ്യപോഷകങ്ങൾ സ്വന്തമാക്കുന്ന മാംസഭോജികളായ സസ്യങ്ങളാണ് ഇവ.



അശ്വതി കെ.
സീഡ് കോഡിനേറ്റർ
ജിഎൽപിഎസ് മുണ്ടക്കൈ



# മോചനം

പ്രകൃതിതൻ പ്രാർഥന കേൾക്കണം മാനുഷാ
കരുതലിൽ കര കാത്ത് കരുണ കാട്ടീടണം
കടലിന്റെ തീരത്ത് കരയുന്ന ജീവിതം
പുഴയിലും കരയിലും നിറയുന്ന ദുരിതവും
കാലങ്ങൾകൊണ്ടുമേ മാറാത്ത ക്രൂരമാം
പ്ലാസ്റ്റിക് വിതറുന്ന ദുരിതശാപങ്ങളിൽ
ഇനിയെങ്കിലും മോചനം സാധ്യമാക്കീടണം
പുതിയൊരു ഭൂമിക്കായ് വഴിയൊരുക്കാം.
പ്ലാസ്റ്റിക് ഒഴിവാക്കി നാളെയേകാം
ഇനിയുള്ളൊരവകാശ തലമുറയ്ക്കായി നാം.

സത്താർ എം.എ.
ജിയുപിഎസ് കളർകോട്, ആലപ്പുഴ




ഒരു ചെറിയ ഗ്രാമത്തിൽ, ഭംഗിയുള്ള പൂക്കളും വലിയ മരങ്ങളും മൂളുന്ന തേനീച്ചകളും നിറഞ്ഞ മനോഹരമായ ഒരു പൂന്തോട്ടമുണ്ടായിരുന്നു. ഒരുദിവസം റോസി എന്ന ഒരു കൊച്ചു മുയൽ പൂന്തോട്ടത്തിലേക്ക് ചാടിക്കയറി. പൂന്തോട്ടത്തിലൂടെ അലഞ്ഞുനടന്നപ്പോൾ റോസി ഒരു റോസയും സൂര്യകാന്തിയും കണ്ടു. മധുരമുള്ള ഒരു പൂവിൽനിന്ന് തേൻ നുകരുന്ന ലില്ലി എന്ന ചിത്രശലഭത്തെയും അവൾ കണ്ടുമുട്ടി. ഒരു തേനീച്ച പൂക്കളിൽനിന്ന് പൂമ്പൊടി ശേഖരിക്കുന്നതും കണ്ടു. പൂന്തോട്ടത്തിലൂടെ ഒഴുകുന്ന ചെറിയ അരുവി, വെള്ളത്തിൽ നീന്തുന്ന മീനുകൾ എന്നിവയും കണ്ടു. പൂക്കൾക്കും മരങ്ങൾക്കും ഇടയിൽ റോസിയും ലില്ലിയും ഒളിച്ചുകളിച്ചു. അവർ ചിത്രശലഭങ്ങളെ പിന്തുടർന്നു. മേഘങ്ങൾ വേഗത്തിൽ ഒഴുകുന്നത് കാണുകയുംചെയ്തു. ദിവസം അവസാനിച്ചപ്പോൾ റോസി തന്റെ പുതിയ സുഹൃത്ത് ലില്ലിയോട് യാത്രപറഞ്ഞു. നാളെ തിരിച്ചെത്തുമെന്ന് പറഞ്ഞു. സൗന്ദര്യവും അദ്ഭുതങ്ങളും നിറഞ്ഞതാണ് പ്രകൃതി. അതിനെ നമ്മൾ അഭിനന്ദിക്കുകയും പരിപാലിക്കുകയും വേണം.

നിവേദ്യ ഹരീഷ്
ജിഎച്ച്എസ്എസ് കോന്നി
പത്തനംതിട്ട

മാതൃഭൂമി
# ആകാശപ്പച്ച



**വാക്കുകൾ**
**തേനീച്ചകളെപ്പോലെയാണ്;**
**ചിലപ്പോൾ**
**അവ തേനുണ്ടാക്കുന്നു,**
**ചിലപ്പോൾ**
**കുത്തിനോവിക്കുന്നു**

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Published by Mathrubhumi Seed